# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4299

28.06.2012 -ൽ
മറുപടിയ്ക്ക്

## ദേശീയ പൊതു എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ

| ചോദ്യം<br>ശ്രീമതി കെ.എസ് സലീഖ | | ഉത്തരം<br>ശ്രീ പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണ നിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? വിശദമാക്കുമോ ? | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം "എ" ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള സിലബസിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? എങ്കിൽ അത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സിലബസ് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ട്. എഞ്ചിനിയറിംഗ് കോളേജുകളുടെ സിലബസ് പരിഷ്കരിയ്ക്കുന്നത് അതാത് യൂണിവേഴ്സിറ്റികളാണ്. 2008-ൽ അവസാനമായി പരിഷ്കരിച്ചു. ഇനി 2013-ൽ പരിഷ്കരിക്കും. പോളി ടെക്നിക്കുകളിൽ 2010-ൽ സിലബസ് റിവിഷൻ നടത്തി. |
| (സി) | സാമൂഹിക/സാമ്പത്തിക നീതി ഉറപ്പു വരുത്തുന്ന രീതിയിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായിട്ടാണോ പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ? | (സി) | സാമൂഹിക/സാമ്പത്തിക നീതി ഉറപ്പു വരുത്തുന്ന രീതിയിൽ വിദ്യാർത്ഥികൾക്കും, സമൂഹത്തിനും ഉന്നമനം ഉദ്ദേശിച്ചു കൊണ്ടാണ് പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും. |
| (ഡി) | എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള ദേശീയ പരീക്ഷയിൽ നിന്നും കേരളം വിട്ടു നിൽക്കുന്നത് ശരിയാണോ ? വ്യക്തമാക്കുമോ ? | (ഡി) | അതെ. ഇതു സംബന്ധിച്ച ചർച്ചയുടെ വിശദാംശങ്ങൾ അനുബന്ധം "ബി" ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഐ.ഐ.ടി, എൻ.ഐ.ഐ.ടി, ഐ.ഐ.ഐ.ടി എന്നിവയിലേക്ക് കേരളത്തിലെ മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാൻ ദേശീയ പൊതു പ്രവേശന പരീക്ഷ ഗുണം ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | ഐ.ഐ.ടി, എൻ.ഐ.ഐ.ടി, ഐ.ഐ.ഐ.ടി എന്നിവയിലേക്ക് കേരളത്തിലെ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാൻ ദേശീയ പൊതു പ്രവേശന പരീക്ഷ ഗുണം ചെയ്യേക്കും. ബഹു ഭൂരിപക്ഷം വരുന്ന കേരളത്തിലെ വിദ്യാർത്ഥികളുടെ അവസരങ്ങളെ പൊതു പ്രവേശന പരീക്ഷ പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. |

| | |
|---|---|
| (എഫ്) പ്രസ്തുത സമീപനം സ്വാശ്രയമേഖലയിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായിട്ടാണോ ? വ്യക്തമാക്കുമോ ? | (എഫ്) അല്ല. ദേശീയ പൊതു പ്രവേശന പരീക്ഷ കേരളത്തിലെ വിദ്യാർത്ഥികളുടെ അവസരങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രസ്തുത സമീപനം സ്വീകരിച്ചത്. |
| (ജി) ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്ക് രൂപം നൽകുമ്പോൾ ഇത്തരത്തിലുള്ള ദേശീയ പൊതു പ്രവേശന പരീക്ഷകൾക്ക് കഴിയുന്നത്ര പ്രോത്സാഹനം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? വിശദമാക്കുമോ ? | (ജി) ദേശീയ പൊതു പ്രവേശന പരീക്ഷകൾ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ അവസരങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. ആയതിനാൽ പ്രോത്സാഹനം നൽകുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ

4299

**അനുബന്ധം "എ"**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്താൻ നടപ്പിലാക്കുന്ന പദ്ധതികൾ**

(1) ട്രാൻസ്പോർട്ടേഷൻ മേഖലയിൽ പ്രായോഗിക ഗവേഷണവും, സാങ്കേതിക വിദ്യാകൈമാറ്റവും ശക്തിപ്പെടുത്തുന്നതിനും ട്രാൻസ്പോർട്ടേഷൻ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ട്രാൻസ്പോർട്ടേഷൻ എഞ്ചിനിയറിംഗ് റിസർച്ച് സെന്റർ, തിരുനന്തപുരത്തെ സർക്കാർ എഞ്ചിനിയറിംഗ് കോളേജ് വളപ്പിൽ സ്ഥാപിക്കുന്നതിന് 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സെന്ററിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

(2) എ.ഐ.സി.റ്റി.ഇ. യുടെ ഒരു റീജിയണൽ ആഫീസ് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ് വളപ്പിൽ പൂർത്തിയായി.

(3) കേരളത്തിൽ ഒരു ഐ.ഐ.റ്റി സ്ഥാപിക്കുന്നതിന് സ്ഥലമെടുപ്പിനായി 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 500 ലക്ഷം രൂപ അനുവദിച്ചു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിലാണ് പ്രസ്തുത ഐ.ഐ.റ്റി സ്ഥാപിക്കപ്പെടുന്നത്.

(4) ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം (DDFS) ഏർപ്പെടുത്തി.

(5) സംസ്ഥാനത്തെ 36 സർക്കാർ പോളിടെക്നിക്കുകളും ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള 5 പോളിടെക്നിക്കുകളും ഉൾപ്പെടെ 41 പോളിടെക്നിക്കുകളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(6) സംസ്ഥാനത്തെ 42 സർക്കാർ പോളിടെക്നിക്കുകളും ഐ.എച്ച്. ആർ.ഡി. യുടെ കീഴിലുള്ള 6 പോളിടെക്നിക്കുകളും ഉൾപ്പെടെ 48 പോളിടെക്നിക്കുകളിൽ എം. എച്ച്. ആർ.ഡി. യുടെ ധന സഹായത്തോട് കൂടി ആധുനിക ഉപകരണങ്ങൾ വാങ്ങുകയും, നാശോന്മുഖമായ ഉപകരണങ്ങൾ മാറ്റി ലബോറട്ടറികളും വർക്ക്ഷോപ്പുകളും ആധുനിക വൽകരിക്കുകയും ചെയ്യുന്നു.

(7) എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിൽ നടന്നുവരുന്നു. ഇതിന്റെ രണ്ടാം ഘട്ടം 2011-12 വർഷം മുതൽ സംസ്ഥാനത്തെ 13 എഞ്ചിനിയറിംഗ് കോളേജുകളിൽ നടപ്പിലാക്കി വരുന്നു. 4 വർഷമാണ് പദ്ധതിയുടെ കാലാവധി.

(8) ഗുണനിലവാരമുള്ള അദ്ധ്യായനം സാധ്യമാക്കുന്നതിനായി എഞ്ചിനിയറിംഗ് കോളേജുകളിലെ വിവിധതലത്തിലുള്ള അദ്ധ്യാപകർക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത നിർബന്ധമാക്കി.

(9) എഞ്ചിനിയറിംഗ് കോളേജുകളിൽ പുതിയ ബിരുദ ബിരുദാനന്തര കോഴ്സുകൾ ആരംഭിച്ചു.

(10) എഞ്ചിനിയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, IMG മുതലായ സ്ഥാപനങ്ങൾ വഴി വിവിധ ഹ്രസ്വകാല ക്വാളിറ്റി ഇംപ്രൂവ്മെന്റ് കോഴ്സുകൾ നടത്തിവരുന്നു.

(11) എഞ്ചിനിയറിംഗ് രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ ധ്വരിതപ്പെടുത്തുന്നതിനും, ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഒരു സെന്റർ ഫോർ എഞ്ചിനിയറിംഗ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

(12) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളുടെ അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനുമായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 2012-13

സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ വകയിരുത്തുകയും
ചെയ്തു.

(13) ട്രാൻസ്പോർട്ടേഷൻ രംഗത്തെ ഗവേഷണ വികസന പ്രവർത്തനം
കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം സർക്കാർ എഞ്ചിനിയറിംഗ്
കോളേജിലെ സിവിൽ എഞ്ചിനിയറിംഗ് വിഭാഗത്തോടനുബന്ധിച്ച് ഒരു
ട്രാൻസ്പോർട്ടേഷൻ എഞ്ചിനിയറിംഗ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന്
സർക്കാർ അനുമതി ലഭിക്കുകയും 2012-13 വാർഷിക പദ്ധതിയിൽ 100 ലക്ഷം
വകയിരുത്തിയിട്ടുണ്ട്.

(14) സംസ്ഥാനത്തെ സർക്കാർ എഞ്ചിനിയറിംഗുകളിലേയും
പോളിടെക്നിക്കുകളിലേയും ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യുകയും
ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി ഒരു പദ്ധതി 2012-13 വർഷം
നടപ്പിലാക്കുന്നതാണ്.

(15) സംസ്ഥാന സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിൽ ഇ – ലേണിംഗ്
പ്രോത്സാഹിപ്പിക്കുന്നതിനായി എഡ്യൂക്കേഷണൽ റിസോഴ്സ് സെന്ററുകൾ 2012-13
വർഷം സ്ഥാപിക്കുന്നതായിരിക്കും.

(16) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിൽ
വിദ്യാർത്ഥികൾക്ക് റിസർച്ച് സ്കോളർഷിപ്പ് 2012-13 വർഷം മുതൽ പഠിക്കുന്ന
നൽകുന്നതായിരിക്കും

(17) തിരുവനന്തപുരത്തേയും തൃശ്ശൂരിലേയും സർക്കാർ എഞ്ചിനിയറിംഗ്
കോളേജുകളിൽ "ഫാക്കൽറ്റി ആന്റ് സ്റ്റാഫ് ട്രയിനിംഗ് സെന്ററുകൾ" സ്ഥാപിച്ച്
ഫാക്കൽറ്റികൾക്കും മറ്റ് ഉദ്യോഗസ്ഥൻമാർക്കും അവരവരുടെ മേഖലയിൽ ട്രയിനിംഗ്
നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ ആരംഭിക്കുന്നതാണ്.

(18) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിലെയും
പോളിടെക്നിക്കുകളിലെയും അക്കാദമികതലത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ
വിഭാഗത്തിലെയും കുട്ടികൾക്ക് എറ്റവും പ്രയാസമേറിയതും, വിജയശതമാനം
കുറവുവരുന്നതുമായ വിഷയങ്ങൾക്ക് പ്രത്യേക കോച്ചിംഗ് നടത്തി ഈ
വിഭാഗത്തിലുള്ള കുട്ടികളെ മിടുക്കരായ മറ്റു കുട്ടികൾക്കൊപ്പം എത്തിക്കുന്നതിനായി
സ്കോളർ സപ്പോർട്ട് പ്രോഗ്രാം 2012-13 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

(19) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിലൂടെ "അഡിഷണൽ സ്കിൽ
അക്വസിഷൻ പ്രോഗ്രാം" എന്ന പദ്ധതി 2012-13 വർഷം മുതൽ ആരംഭിക്കുകയാണ്.
ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയവർ, കോളേജ്
വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിലില്ലാതെ നടക്കുന്നവർ എന്നിവർക്കായി
തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകൾ
വഴി നടത്തുന്നതാണ്.

4299

# അനുബന്ധം "ബി"

## Details of Discussion on Joint Entrance Examination

The Ramasami Committee was formed under the Chairmanship of Dr. Ramasami to study the present state of Technical Education in the country and to suggest measures to improve the present system. Two major drawbacks in the present system were identified. One, concerning the rote learning & coaching associated with preparartion for the Entrance Examinations and the other, concerning the Multiplicity of Entrance Examinations. It was observed that rote learning and coaching have taken precedence over the analytical and problem solving ability. It was found that Multiplicity of Entrance Examinations causes the following problems.

- Numerous Entrance Examinations impose heavy burden on the students.
- Multiplicity of Entrance Examinations create heavy financial burden on the Students.
- Students waste long period of time for the preparation of various Entrance Examinations.
- It creates immeasurable anxiety and trauma on both the students and parents.

The Ramasami Committee recommended inclusion of Board results in the evaluation criteria for Admission to Engineering institutions, by using percentile ranks in each Board as the marks for the Board Evaluation Component. The report of the Ramasami Committee was placed before CABE and State Education Ministers. During the State Education Ministers' Meeting held on 22.02.2012, the recommendations of the Ramasami Committee were discussed. The idea of a Common National Entrance Examination (Joint Entrance Examination) was mooted in the State Education Ministers Conference held on 22.02.2012. It was recommended as it was expected that the JEE will be a solution to the problems arising out of Multiplicity of Entrance Examinations. The proposal to hold a common National Examination with weightage to State Board results, normalized on the basis of percentile formula, for admission to Engineering institutions was endorsed 'in principle' by the Education Mininsters in the State Education Ministers' Conference.

In the meeting of Central Advisory Board of Education (CABE) followed, Government of Kerala voiced its concerns regarding the proposed Joint Entrance Examination. The main arguments of Government of Kerala in the meeting were as follows.

Government of Kerala has already moved ahead in the Entrance Examination Reforms in the state by assigning equal weightage to the marks of plus two boards and scores of entrance examination. The reforms were implemented with the objective of factoring the academic weight to eliminate the mechanical nature of entrance scoring (if any) in admission process. Based on the recommendation of the Entrance examinations Reforms Committee, Government have decided for

implementing the reforms and issued orders vide GO(Ms) No.402/10 HEdn. Dated 18.12.2010 limiting the reforms to Engineering Entrance Examination, and included the provision for this change in the prospectus for 2011. In 2011, as part of the of the reforms of Entrance examination for Professional Degree courses, Govt of Kerala has constituted a new committee of Experts vide G.O.(Rt) No. 1758/2011/H.Edn dated 03.11.2011 and a committee of statisticians vide G.O.(Rt) No.1907/11/H.Edn dated 25.11.2011. The expert committee on implementation of Entrance Reforms has unanimously approved the modified formula of mark standardization as suggested by the committee of statisticians.

It is feared that the Joint Entrance Examination, proposed by AICTE may create wide disparity and socio-economic differentials among the students like region, language, rural-urban, rich and poor and even gender because of the following points.

1. In the ranking of JEE, the marks of one language which has taken by the student in their board examination is considered. The board marks includes a language part which can be English, Hindi or any foreign language like French, German, Russian, Arabic, Latin or any regional language and where the weightage for the language content out of the total marks is not uniform. Moreover the degree of scoring in languages by the candidates cannot be compared between languages and the boards. An equal consideration will not be offered to the candidates and it will attract legal issues.

2. The consideration of best among the electives will also lead to unequal treatment among equals.

3. The above points will indicate that ranking of a homogeneous group cannot be ensured because of the heterogeneity in the subject pattern of the boards considered for ranking ,though all of them are aspiring a common Stream of technical education.

In this situation, Government of Kerala opted to continue with the existing system.